വനഭൂമി

*൪൨൨. (൯൨) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വനഭൂമിയിൽ നെൽകൃഷിയ്ക്ക് ഉപയുക്തമല്ലാത്ത വിട്ടതൽഭൂമിയിൽ കുപ്പകൃഷി ചെയ്യുന്നത് തടഞ്ഞിട്ടുണ്ടോ;

(ബി) അതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) കുപ്പ കൃഷിചെയ്യാൽ മണ്ണൊലിപ്പ് ഉണ്ടാകുമെന്നുള്ളതിനാൽ അതിനെ തടഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

സംസ്ഥാനത്തു വിതരണം ചെയ്യുന്ന അരി

*൪൨൩. (൯൨) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു പലദിവസവും വിതരണം ചെയ്യുന്ന അരി മിക്കവാറും മനുഷ്യോപയോഗ്യമല്ലാത്ത വിധത്തിൽ താണതരമാണെന്നുള്ള ആക്ഷേപം ഗവൺമെണ്ടിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടോ;

(ബി) അരിയുടെ അളവ് വർദ്ധിപ്പിച്ചില്ലെങ്കിൽ സാധാരണക്കാർക്ക് കൂടുതൽ പരിതാപകരമാണെന്ന് ഗവൺമെണ്ടു് മനസ്സിലാക്കുന്നുണ്ടോ;

(സി) നമുക്ക് കൂടുതൽ അരിയും മറ്റു ഭക്ഷ്യസാധനങ്ങളും പുറത്തുനിന്നും ലഭിക്കത്തക്ക പദ്ധതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിലുണ്ടോ;

(ഡി) റേഷനിംഗിൽ മരാമത്ത് ഒരാഴ്ചയിൽ മൂന്നു നാഴി ഗോതമ്പ് നിർബ്ബന്ധമാക്കിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അരിച്ചിലവു് കുറക്കുന്നതിനും ഗോതമ്പു് ഉപയോഗിച്ചു പഠിക്കേണ്ടതിനും വേണ്ടിയാണു്.

നെല്ലെടുപ്പ് കമ്മിറ്റി

*൪൨൪. (൯൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഇത്തവണത്തെ നെല്ലെടുപ്പിനു് അനുദ്യോഗസ്ഥകമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) ഇല്ലാ. എന്നാൽ Taluk Food Advisory Committee കൾക്കു നെല്ലെടുപ്പിനെ സംബന്ധിച്ചും ഉപദേശം നൽകാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly